**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 175** **01-02-2023 - ൽ മറുപടിയ്ക്ക്**

**രാഷ്ട്രീയ സ്വാസ്ഥ്യ ഭീമ യോജന കാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | രാഷ്ട്രീയ സ്വാസ്ഥ്യ ഭീമ യോജന (ആർ.എസ്.ബി.വൈ.) കാർഡ് പുതുക്കുന്നതിന് ഇൻഷ്വറൻസ് കമ്പനി സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; എത്ര വർഷം കൂടുമ്പോഴാണ് കാർഡ് പുതുക്കേണ്ടതെന്നും കാർഡ് പുതുക്കുന്നതിനുള്ള തീരുമാനമെടുക്കുന്നത് ആരാണെന്നും അറിയിക്കാമോ; | (എ) | **നിലവിൽ രാഷ്ട്രീയ സ്വാസ്ഥ്യ ഭീമ യോജന (ആർ.എസ്.ബി.വൈ ) കാർഡ് പുതുക്കുന്നതിന് ഇൻഷ്വറൻസ് കമ്പനി പ്രവർത്തിക്കുന്നില്ല. 2018-19 കാലയളവിൽ സാധുവായ രാഷ്ട്രീയ സ്വാസ്ഥ്യ ഭീമ യോജന(RSBY) ആരോഗ്യ ഇൻഷ്വറൻസ് കാർഡ് ഉള്ളവർക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ കീഴിൽ എംപാനൽ ചെയ്ത സർക്കാർ/ സ്വകാര്യ ആശുപത്രികളിലെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ കിയോസ്കുകളിൽ ചികിൽസ ആവശ്യം വരുന്ന മുറയ്ക്ക് നേരിട്ട് ചെന്ന് കാസ്പ് അംഗത്വം നേടാവുന്നതാണ്.**<br><br>**പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികളുടെ വിവരങ്ങൾ http://sha.kerala.gov.in/list-of-empanelled-hospitals/ എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.** |
| (ബി) | അർഹതപ്പെട്ട പലരും കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരക്കാർക്ക് പദ്ധതിയിൽ ചേരുന്നതിനോ കാർഡ് പുതുക്കുന്നതിനോ സമയം അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ അംഗത്വം ലഭിക്കാൻ അർഹതയുണ്ടായിട്ടും ഒഴിവായിപ്പോയിട്ടുള്ളവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നുണ്ട്. |
| (സി) | ആർ.എസ്.ബി.വൈ. കാർഡ് നഷ്ടപ്പെട്ട് പോയവർക്ക് സൗജന്യ ചികിത്സ ലഭിക്കുന്നതിനായി ഡ്യൂപ്ലിക്കേറ്റ് കാർഡ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (സി) | സാധുതയുള്ള ആർ.എസ്.ബി.വൈ/ കാസ്പ് കാർഡ് നഷ്ടപ്പെട്ട് പോയ കുടുംബങ്ങൾ സൗജന്യ ചികിത്സ ആവശ്യമായി വരുന്ന മുറയ്ക്ക് എംപാനൽ ചെയ്ത സർക്കാർ/ സ്വകാര്യ ആശുപത്രികളിലെ AB PMJAY KASP കിയോസ്കിനെ സമീപിക്കുകയും റേഷൻ കാർഡോ ആദ്യ എൻറോൾമെന്റ് സമയത്ത് നൽകിയ മൊബൈൽ നമ്പറോ ഉപയോഗിച്ച് കാസ്പിൽ അംഗത്വം നേടാവുന്നതാണ്. പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികളുടെ വിവരങ്ങൾ http://sha.kerala.gov.in/list-of-empanelled-hospitals/ എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ